# കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

ഹജ്ജ് ഹൗസ്, പി.ഒ. കാലിക്കറ്റ് എയർപോർട്ട്, മലപ്പുറം – 673 647.
ഫോൺ: 0483–2710717, 2717571 ഫാക്സ്: 0483–2717572


Ref.: H2-01/2015/HAJ Date: 21-03-2014

## ഹജ്ജ് 2015 -തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള നിർദ്ദേശങ്ങൾ

ഹജ്ജിന് തെരെഞ്ഞെടുക്കപ്പെട്ടവരുടെ കവർ നമ്പറും വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ക്രമനമ്പറും ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ (www.hajcommittee.com, www.keralahajcommittee.org) ലഭ്യമാണ്.

2015 ഹജ്ജിന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരും, വെയ്റ്റിംഗ് ലിസ്റ്റ് ക്രമ നമ്പർ **1 മുതൽ 1000–** വരെയുള്ള അപേക്ഷകരും അവരുടെ പാസ്പോർട്ടുകൾ ഒരു ഫോട്ടോ സഹിതം (3.5x3.5 വെള്ള ബാക്ക്ഗ്രൗണ്ടോടു കൂടിയ) മാർച്ച് **24, 25** തിയ്യതികളിൽ (ചൊവ്വ, ബുധൻ) ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ടെത്തിക്കണം.

കൂടാതെ ഹജ്ജ് 2015–ന് തെരഞ്ഞെടുക്കപ്പെട്ടവർ വിദേശ വിനിമയ സംഖ്യ വിമാനക്കൂലിയിനത്തിൽ അഡ്വാൻസായി 81,000 രൂപ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ/ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-യുടെ ഏതെങ്കിലും ശാഖയിൽ അതാത് അപേക്ഷകരുടെ ബാങ്ക് റഫറൻസ് നമ്പറുപ യോഗിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിക്ഷപിച്ച് പേ-ഇൻ സ്ലിപ്പിന്റെ (HCOI കോപ്പി) ഒറിജിനലും ഒരു ഫോട്ടോകോപ്പിയും 2015 ഏപ്രിൽ 30–നകം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പി ക്കേണ്ടതാണ്. ഒരു കവറിൽ ഒന്നിൽകൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുഴുവൻപേരുടെയും തുക ഒന്നിച്ചടക്കേണ്ടതാണ്. പേ-ഇൻ സ്ലിപ്പിന്റെ **"PILGRIM COPY"** മുഖ്യ അപേക്ഷകൻ സൂക്ഷിക്കേ ണ്ടതാണ്.

പണമടക്കുന്നതിന് ഓരോ കവറിനും പ്രത്യേകം ബാങ്ക് റഫറൻസ് നമ്പറുകൾ ഉണ്ട്. ഈ ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച് മാത്രമേ പണമടക്കാവൂ. ബാങ്ക് റഫറൻസ് നമ്പറും കവർ നമ്പറും രേഖപ്പെടുത്തിയ പേ-ഇൻ സ്ലിപ്പ് ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ഏപ്രിൽ ഒന്നു മുതൽ ലഭ്യമാകും. (www.hajcommittee.com, www.keralahajcommittee.org) കൂടുതൽ വിവരങ്ങൾക്ക് ഹജ്ജ് ട്രെയ്നറുമായി ബന്ധപ്പെടാവുന്നതാണ്. തെറ്റായ രീതിയിൽ പണമടച്ചാലുണ്ടായേക്കാവുന്ന അവസര നഷ്ടത്തിന് ഹജ്ജ് കമ്മിറ്റി ഉത്തരവാദിയായിരിക്കില്ല.

വിമാനക്കൂലിയിനത്തിലും വിദേശ വിനിമയത്തിലുള്ള സംഖ്യയുടെ ബാക്കി തുക ഹജ്ജ് കമ്മിറ്റിയിൽ നിന്നുള്ള അറിയിപ്പനുസരിച്ച് പിന്നീട് അടയ്ക്കേണ്ടതാണ്. ആയതിനുള്ള പേ-ഇൻ സ്ലിപ്പും ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ അതാത് സമയം ലഭ്യമാകും.

ഹജ്ജ് സംബന്ധമായ എല്ലാ വിവരങ്ങളും അറിയിക്കുന്നതിനും ഹാജിമാർക്ക് വേണ്ടുന്ന ഉപദേശങ്ങളും മാർഗനിർദേശങ്ങളും നൽകുന്നതിനും രണ്ടാം ഗഡുവായി അടക്കേണ്ടുന്ന തുക, ഹജ്ജ് ക്ലാസ്സ്, കുത്തിവെപ്പ്, യാത്രാതിയ്യതി തുടങ്ങിയ കാര്യങ്ങൾ ഹാജിമാരെ അറിയിക്കുന്നതിനും ഹജ്ജ് കമ്മിറ്റി ഓരോ പ്രദേശത്തും ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. ഹജ്ജുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും അവരവരുടെ പ്രദേശത്തുള്ള ട്രെയിനറെ ബന്ധപ്പെടേണ്ടതാണ്. ഓരോ പ്രദേശത്തേയും ഹജ്ജ് ഫീൽഡ് ട്രെയിനർമാരുടെ പേരും ഫോൺ നമ്പറും അതത് ജില്ലാ ട്രെയിനർമാരിൽ നിന്നും ലഭിക്കുന്നതാണ്. ജില്ലാ ട്രെയിനർമാരുടെ പേരും മൊബൈൽ നമ്പറും താഴെ നൽകുന്നു.

| | | | |
|---|---|---|---|
| 1 | ഷാജഹാൻ എൻ. പി. | 9447914545 | മാസ്റ്റർ ട്രെയിനർ. |
| 2 | മുഹമ്മദ് റഊഫ് യു. | 9846738287 | മാസ്റ്റർ ട്രെയിനർ. |
| 3 | സൈനുദ്ധീൻ എൻ.പി. | 9446640644 | ജില്ലാ ട്രെയിനർ കാസർഗോഡ്. |
| 4 | സുബൈർ ഹാജി സി.കെ. | 9447282674 | ജില്ലാ ട്രെയിനർ കണ്ണൂർ. |
| 5 | എൻ. കെ. മുസ്തഫ ഹാജി | 9447345377 | ജില്ലാ ട്രെയിനർ വയനാട്. |
| 6 | ഷാനവാസ് കുറുമ്പൊയിൽ | 9847857654 | ജില്ലാ ട്രെയിനർ കോഴിക്കോട്. |
| 7 | മുഹമ്മദലി കണ്ണിയൻ | 9496365285 | ജില്ലാ ട്രെയിനർ മലപ്പുറം. |

| | | | |
|---|---|---|---|
| 8 | കെ. മുബാറക്ക് 9846403786 | | ജില്ലാ ട്രെയിനർ പാലക്കാട്. |
| 9 | ഹബീബ് കെ. 9446062928 | | ജില്ലാ ട്രെയിനർ തൃശ്ശൂർ. |
| 10 | അസ്ക്കർ സി. .എം. | 9847053127 9562971129 | ജില്ലാ ട്രെയിനർ എറണാകുളം. |
| 11 | അബ്ദുറഹിമാൻ പുഴക്കര 9746775013 | | ജില്ലാ ട്രെയിനർ കോട്ടയം. |
| 12 | കെ.പി. സിദ്ധീഖ് | 9447187926 | ജില്ലാ ട്രെയിനർ ഇടുക്കി. |
| 13 | നിഷാദ് | 9447116584 | ജില്ലാ ട്രെയിനർ ആലപ്പുഴ. |
| 14 | അബ്ദുൽ ഖാദിർ ബാവ-9446213586, 9946925020 | | ജില്ലാ ട്രെയിനർ പത്തനംതിട്ട. |
| 15 | നിസാമുദ്ധീൻ ഇ. 9496466649, 8547766751 | | ജില്ലാ ട്രെയിനർ കൊല്ലം. |
| 16 | മുഹമ്മദ് റാഫി | 9847171711 | ജില്ലാ ട്രെയിനർ തിരുവനന്തപുരം. |

ഹജ്ജ് കമ്മിറ്റി നൽകുന്ന ഓരോ അറിയിപ്പും അതനുസരിച്ചുള്ള കാര്യങ്ങളും സമയബന്ധിതമായും കൃത്യതയോടെയും ചെയ്യേണ്ടതാണ്. ഹജ്ജ് കമ്മിറ്റിക്ക് ബ്രാഞ്ചുകളോ ഏജന്റുമാരോ ഇല്ല. ഹജ്ജുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള സംശയങ്ങൾ തീർക്കാൻ ട്രെയിനർമാരെ മാത്രം ബന്ധപ്പെടുക. ഏതെങ്കിലും ട്രെയിനറിൽ നിന്ന് വ്യക്തമായ വിവരങ്ങൾ ലഭിച്ചില്ലെങ്കിൽ അത് ഹജ്ജ് കമ്മിറ്റിയെ അറിയിക്കേണ്ടതാണ്.

രേഖകൾ നിശ്ചിതസമയത്തിനകം സമർപ്പിക്കാത്തവരുടെയും, നിശ്ചിത തിയ്യതിക്കകം ബാക്കി തുക അടക്കാത്തവരുടെയും തെരഞ്ഞെടുപ്പ് ഒരറിയിപ്പും കൂടാതെ റദ്ദാകുന്നതും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിലുള്ള അപേക്ഷകരെ സീനിയോറിറ്റി പ്രകാരം തെരഞ്ഞെടുക്കുന്നതുമാണ്.

**(ഒപ്പ്)**
ജില്ലാ കളക്ടർ, മലപ്പുറം & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി